LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 25, വെള്ളി

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 1986 ജൂലായ് 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്ങ്മൂലം നൽകുന്ന ഉത്തരങ്ങൾ

നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള ക്രമക്കേടുകൾ മൂലമുണ്ടായ നഷ്ടം

*269 [408] ശ്രീ. വർക്കല രാധാകൃഷ്ണൻ:
" വി. കേശവൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
" കെ. മൂസ്സക്കുട്ടി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള ക്രമക്കേടുകൾമൂലം സംസ്ഥാന ഖജനാവിന് നഷ്ടമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) ഓരോ നികുതിയിനത്തിലും ഉണ്ടായിട്ടുള്ള നഷ്ടമെത്ര?

ധനകാര്യ വകുപ്പു മന്ത്രി ശ്രീ. തച്ചടി (പ്രഭാകരൻ): (എ, ബി, സി) ചോദ്യം ഏതേത് നികുതിയിനങ്ങളെ സംബന്ധിച്ചാണെന്നും ഏതേത് കാലയളവിനെ സംബന്ധിച്ചാണെന്നും വ്യക്തമല്ല. എന്നാൽ വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ നികുതികളെ സംബന്ധിച്ച് 1984-85-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതനുസരിച്ച്

വിൽപ്പന നികുതിയിനത്തിൽ 265.69 ലക്ഷം രൂപയുടേയും കാർഷികാദായ നികുതിയിനത്തിൽ 101.44 ലക്ഷം രൂപയുടേയും അണ്ടർ അസസ്സ്മെന്റ് ഉള്ളതായി കാണിച്ചിട്ടുണ്ട്. ഈ കേസ്സുകളിൽ വിശദമായ പരിശോധന നടത്തി നിയമാനുസൃതം ലഭിക്കേണ്ട മുഴുവൻ സംഖ്യയും വസൂലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: 1984-85-ലെ ഓഡിറ്റ് റിപ്പോർട്ടിൽ കാർഷികാദായനികുതി പിരിവിനെ സംബന്ധിച്ചും വിൽപ്പന നികുതി പിരിവിനെ സംബന്ധിച്ചും ഉള്ള അപാകതകൾ ചൂണ്ടിക്കാണിച്ചശേഷം, നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന തനുസരിച്ച്, 1984-85-ൽ കാർഷികാദായനികുതി ഓഫീസുകളിലെ അക്കൗണ്ട്സ് പരിശോധിച്ചതിൽ മൊത്തം 410 കേസുകളിലായി 101.44 ലക്ഷം രൂപയുടെ അണ്ടർ അസസ്സ്മെൻറ് നടത്തിയതായിട്ടാണ് കണ്ടുപിടിച്ചിട്ടുള്ളത്. സ്റ്റേറ്റ്മെന്റ് താഴെ പറയും പ്രകാരമാണ്.

	Item	No. of cases	Total amount (Rupees in lakhs)
1.	Income escaping assessment	157	27.10
2.	Grant of inadmissible deduction	75	24.76
3.	Mistake in computation of income tax	72	4.05
4.	Failure to club income	15	2.93
5.	Assignment of incorrect status	12	13.90
6.	Other irregularities	79	28.70
	Total	410	101.44

അതുപോലെതന്നെ വിൽപ്പന നികുതിയിനത്തിൽ 1962-ൽ നടത്തിയ ടേസ്സ്റ്റ് ചെക്കുകളിൽ 836 കേസ്സുകളാണ് പോയിൻറ് ഔട്ട് ചെയ്തിരിക്കുന്നത്.

	Item	No. of cases	Total amount (Rupees in lakhs)
1.	Turn-over escaping assessment	99	72.51
2.	Irregular grant of exemption	102	40.95
3.	Short levy due to double accounting, remittance and arithmetical mistakes	26	1.60
4.	Non-levy of penal interest	348	83.98
5.	Application of incorrect rate of tax	133	25.49
6.	Incorrect application of concessional rate of taxes	60	7.60
7.	Other lapses	63	33.56
	Total	836	265.69

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ 836 കേസ്സുകളിൽ 265.69 ലക്ഷം രൂപയാണ് ഉള്ളത്. ഇങ്ങനെ അണ്ടർ അസസ്മെന്റ് നടത്തിയിട്ടുള്ള മൂന്നുനാല് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്യുകയും അവരുടെ ഇൻക്രിമെന്റ് തടയുകയും പല രീതിയിലുള്ള നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിന്റെ ഏകദേശം 90 ശതമാനത്തോളം ഉള്ള അറിയേഴ്സ് പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: വളരെക്കാലമായി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർമാൻ സ്ഥാനം ഒഴിഞ്ഞുകിടക്കുകയായിരുന്നു. അടുത്തകാലത്തായി ചെയർമാനായി ഒരാളെ നിയമിച്ചതായി പത്രങ്ങളിൽ വായിക്കാനിടയായി. ചെയർമാനായി നിയമിക്കുന്നതിന് എന്തെല്ലാം യോഗ്യതകളാണ് നിശ്ചയിച്ചിട്ടുള്ളത്; അതിലേക്ക് അപേക്ഷകൾ ക്ഷണിച്ചിരുന്നോ; ഇപ്പോൾ നിയമിക്കപ്പെട്ടയാൾ മുഖ്യമന്ത്രിയുടെ തെരഞ്ഞെടുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഒരു അഡ്വക്കേറ്റ് ആണെന്നറിയുന്നു; അത് ശരിയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർമാൻ സ്ഥാനം വളരെ നാളുകളായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. അപ്പലേറ്റ് ട്രൈബ്യൂണലിന് ചെയർമാൻ ഇല്ലാതിരുന്നാൽ പല കേസ്സുകളിലും തീരുമാനം എടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് വേഗതയിൽ അതിന്റെ നിയമനം നടത്തണമെന്ന് പറഞ്ഞു. ആ നിയമനം നടത്താൻവേണ്ടി അഡ്വക്കേറ്റ് ജനറൽ, ടാക്സസ് സെക്രട്ടറി തുടങ്ങിയവരടങ്ങുന്ന ഇൻറർവ്യൂ ബോർഡ് ഉണ്ടായിരുന്നു. ആ ബോർഡ് ഗവൺമെന്റിലേക്ക് ശുപാർശചെയ്തിരുന്ന ഒന്നാമത്തെ പേരുകാരനെ (പേര് ഞാൻ ഓർക്കുന്നില്ല. പ്രത്യേകം ചോദിച്ചാൽ പറയാം.) ബോർഡിന്റെ ശുപാർശയനുസരിച്ച് പാനലിന്റെ മെരിറ്റനുസരിച്ച് ചെയർമാനായി ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്.

ശ്രീ. വി. കേശവൻ: ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ അനേഷണ റിപ്പോർട്ടിൽ വന്ന കണക്കുകളെ സംബന്ധിച്ച് മന്ത്രി ഇവിടെ പറഞ്ഞു. ഇതുപോലുള്ള നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കപ്പെട്ടതിൽ കുറേ കേസ്സുകൾ മാത്രമാണ് ഇത്. വ്യാപകമായി ഇത്തരം വെട്ടിപ്പുകൾ നടക്കുന്നതിന്റെ ഫലമായി ഖജനാവിൽ വൻ നഷ്ടമാണ് വന്നുകൊണ്ടിരിക്കുന്നത്. നികുതി നിർണ്ണയത്തിലെ അപാകതകളും അതിന്റെ പിന്നിലുള്ള കള്ളക്കളിയും മൂലം ഖജനാവിലേക്ക് വരാനുള്ളതിൽ ഏതാണ്ട് അഞ്ചുകോടി ഇരുപത്തിയെട്ടുലക്ഷത്തോളം രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ നഷ്ടം തടയുന്നതിനുവേണ്ടി നികുതി നിർണ്ണയത്തിന്റെ കാര്യത്തിലും, നികുതി പിരിവിന്റെ കാര്യത്തിലും ഫലപ്രദമായ എന്തുനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ ഈ സഭയിൽത്തന്നെ പല പ്രാവശ്യം സൂചിപ്പിച്ചിട്ടുള്ളതാണ്. നമ്മൾക്ക് കിട്ടേണ്ട നികുതി പല കാര്യത്തിലും കിട്ടുന്നില്ല എന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. കമ്മോഡിറ്റി ബേസിസിൽ എത്രയാണ് നികുതി, ആ നികുതിയനുസരിച്ച് ഇവിടെ കിട്ടുന്നുണ്ടോ എന്ന് മനസ്സിലാക്കാനുള്ള കാര്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ നമ്മുടെ ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനങ്ങൾ പൂർണ്ണമായി കാര്യക്ഷമമല്ലെന്ന് ബോദ്ധ്യമുള്ളതുകൊണ്ട് അത് ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച് പല ചെക്കുപോസ്റ്റുകളിലായി നൂറോളം വാഹനങ്ങളും നികുതി കൊടുക്കാതെ ഇങ്ങോട്ടുകൊണ്ടുവരുന്നത് പിടിച്ചിട്ടുണ്ട്. ചിലപ്പോൾ പിടിച്ചതു മുഴുവൻ നികുതി വെട്ടിച്ചാണ് കൊണ്ടുവരുന്നതെന്ന് ബോദ്ധ്യമായിരിക്കുകയില്ല. നികുതിവെട്ടിച്ചതാണെങ്കിൽ ആ വാഹനങ്ങളും സീസ് ചെയ്ത് എടുക്കാൻ ഗവൺമെന്റ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചിലപ്പോൾ പിടിച്ച വാഹനവും നികുതിയെല്ലാം അടച്ചതാണെങ്കിൽ അതു വിട്ടുകൊടുക്കുകയും ചെയ്യും. ഈ സംസ്ഥാനത്തിനു കിട്ടേണ്ട നികുതി കൊടുക്കാതെ വാഹനങ്ങൾ അങ്ങോട്ടു കൊണ്ടുപോകാനോ ഇങ്ങോട്ടു വരാനോ സാഹചര്യം ഉണ്ടാക്കാത്ത കർശനമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. കേശവൻ: 1963-ലെ വില്പനനികുതി ആക്ടിലെ വ്യവസ്ഥയനുസരിച്ച് യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി ഈടാക്കാതെ, പല സ്ഥാപനങ്ങൾക്കും നിയമവിരുദ്ധമായി നികുതി ഇളവുചെയ്തുകൊടുത്തിട്ടുള്ള ഗൗരവമായിട്ടുള്ള ആരോപണം ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലുണ്ട്. കട്ടപ്പനയിലെ ഒരു സ്ഥാപനത്തിന് പത്തുലക്ഷം രൂപ ഇളവുചെയ്തുകൊടുത്തിട്ടുണ്ട്. വൻകിട ഏലം കൃഷിക്കാർക്കാണ് ഇളവുചെയ്തുകൊടുത്തിട്ടുള്ളത്. ഇത്തരം വൻകിടക്കാർക്ക് നികുതി ഇളവുചെയ്തുകൊടുക്കുന്ന നടപടി അവസാനിപ്പിക്കാമോ? അങ്ങനെ ഇളവുചെയ്തുകൊടുത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ നികുതി പിരിക്കുന്നതിന് അസസ്സ്മെന്റാണ് ആദ്യം നടത്തുന്നത്. ചിലപ്പോൾ റോങ്ങ് അസസ്സ്മെന്റ് വരും. അതിനാണ് ട്രൈബ്യൂണൽസും മറ്റ് അപ്പീലുകളും വച്ചിരിക്കുന്നത്. സാധാരണ അസസ്സ് ചെയ്യുമ്പോൾ പൊട്ടൻഷ്യലുവരെ എടുക്കും. അതിനാണ് കോടതികളുടെ പുറമേ കൂടി ട്രൈബ്യൂണലുകളെ വച്ചിട്ടുള്ളത്. അവർ പരിശോധിക്കുന്ന അവസരത്തിൽ ഏതെങ്കിലും അപാകതയുണ്ടെങ്കിൽ അവരുടെ വിധിയെ ആധാരമാക്കി ഗവൺമെന്റ് നടപടിയെടുക്കും. ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റ് നമ്മളോട് ആവശ്യപ്പെട്ടിരിക്കുകയാണ്, ഷിപ്പ് യാർഡിനുള്ള സെയിൽസ് ടാക്സ് ഒഴിവാക്കണമെന്ന്. അതുപോലെ ചില പൊതുമേഖലാസ്ഥാപനങ്ങളും ചില സഹകരണസ്ഥാപനങ്ങളുമൊക്കെ വരുന്ന അവസരങ്ങളിൽ ഗവൺമെന്റ് ഇളവുചെയ്തുകൊടുക്കും. ഉദാഹരണത്തിന് മോട്ടോർ വാഹനത്തിന് നാലരശതമാനം സെയിൽസ് ടാക്സ് വച്ചിരിക്കുന്നു. കട്ടപ്പനയിലെ പ്രശ്നം പ്രത്യേകമായി ചോദിച്ചാൽ ഗവൺമെന്റ് ഉത്തരം പറയാം.

ശ്രീമതി. കെ. ആർ. ഗൗരി: നികുതി പിരിക്കുന്നതിലുള്ള ക്രമക്കേടുകൾ മൂലം കിട്ടാതെവന്ന തുകയെ സംബന്ധിച്ചാണ് ചോദ്യം. ഒരു ലക്ഷത്തിൽപ്പരം രൂപ ടാക്സ് പിരിച്ച ഒന്നിൽക്കൂടുതൽ അസസ്സ്മെന്റ് ചുമത്താത്ത എത്ര കേസുകളുണ്ടെന്ന് കഴിഞ്ഞ നിയമസഭയിൽ ചോദ്യം ചോദിച്ചിരുന്നു. അതിന് ഇന്നുവരെ മറുപടി കിട്ടിയിട്ടില്ല. അതിനൊന്നു മറുപടി പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ഇത് ഈ ചോദ്യവുമായി ബന്ധമുള്ള ചോദ്യമല്ല. ഗൗരിയമ്മ പണ്ട് റവന്യൂമന്ത്രിയായിരുന്നതാണ്. പതിനായിരക്കണക്കിന് ആളുകളാണ് ടാക്സ് അടയ്ക്കുന്നത്. താഴെവരെയുള്ള ഓഫീസുകളും പരിശോധിച്ചതിനുശേഷമേ ഇതു കിട്ടുകയുള്ളു. അതു കഴിയുന്നത്രവേഗം ശേഖരിച്ച് മെമ്പറുടെ അറിവിനുവേണ്ടി സമർപ്പിക്കുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: നികുതി പിരിക്കുന്നതിലുള്ള ക്രമക്കേടുകളെക്കുറിച്ചാണ് ചോദ്യം. ചെക്ക്പോസ്റ്റുകളിൽ തടഞ്ഞു നിർത്തിയതായിട്ടുള്ള ചരായ കൊണ്ടുവന്ന വണ്ടികളും ഇവിടെ നിന്ന് വിളിച്ചുപറഞ്ഞതുകൊണ്ട് വീട്ടിട്ടുണ്ട്. ഇതുപോലെ വണ്ടികളും വന്നാൽ ഗവൺമെൻറിൽ നിന്നും വിട്ടുകളയണമെന്ന് നിർദ്ദേശം കൊടുത്തതിൻറെ അടിസ്ഥാനത്തിൽ എന്തുമാത്രം ഏമൗണ്ട് ടാക്സിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ വളരെ വ്യക്തമായി ഈ സഭയിൽ തന്നെ ഉറപ്പുനൽകിയിട്ടുള്ളതാണ്, നികുതി വെട്ടിച്ചുവരുന്ന ഏതെങ്കിലും ഒരു വാഹനം വിടുന്നതിന് ഗവൺമെൻറിൻറെ ഭാഗത്തു നിന്ന് യാതൊരുവിധമായ നിർദ്ദേശവും നൽകിയിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ വളരെ സ്പെസിഫിക്കായിട്ടാണ് ചോദിച്ചത്. അങ്ങനെ വിട്ടിട്ടുണ്ട്. അതിൻറെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: അതു നേരത്തെ പറഞ്ഞിട്ടുള്ള കാര്യമാണ്. ടാക്സ് വെട്ടിച്ചുവരുന്ന ഒരു വാഹനവും ഇങ്ങോട്ടും അങ്ങോട്ടും കടത്തുകയില്ല. അങ്ങനെ ചെയ്താൽ അതിനുള്ള നടപടി എടുക്കും. ഒരു കേസ്സിലും ഗവൺമെൻറ് ഇടപെട്ട് ഒരു വാഹനവും വിടുന്ന പ്രശ്നമില്ല. ഇവിടെ പ്രധാനമായിട്ട് സ്പിരിറ്റ് കൊണ്ടുവരുന്ന പ്രശ്നമുണ്ട്. അങ്ങനെ സ്പിരിറ്റ് കൊണ്ടുവന്നാൽ കർശനമായി നടപടി നടത്തണമെന്നും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു രീതിയിലുള്ള വാഹനവും ഇങ്ങോട്ടോ അങ്ങോട്ടോ പോകാതിരിക്കുന്നതിന് കർശനമായ രീതിയിൽ എല്ലാ ചെക്പോസ്റ്റുകളും കൺട്രോൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ചന്ദ്രശേഖരൻ കുറുപ്പ്: നികുതിവെട്ടിപ്പിനെ സംബന്ധിച്ച് പല സന്ദർഭങ്ങളിലും പല ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂർ ഭാഗത്തുള്ള റബ്ബർ മുതലാളിമാരിൽനിന്നും കർഷകമുതലാളിമാരിൽനിന്നും ശരിയായ നോംസ് അനുസരിച്ചുള്ള നികുതി പിരിച്ചെടുക്കുന്നില്ലെന്ന ആക്ഷേപം ചില സാമ്പത്തിക വിദഗ്ധൻമാരിൽനിന്ന് ഉണ്ടായിരിക്കുന്നു. അത്തരം കേസ്സുകളിൽ ഇപ്പോഴും വല്ല പരിശോധനയും നടത്തി വീണ്ടും ആ നികുതി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ കഴിഞ്ഞ ദിവസം മറുപടി പറഞ്ഞപ്പോഴും ഇക്കാര്യം പറഞ്ഞതാണ്. റബ്ബർ, കാർഡമം, പെപ്പർ തുടങ്ങി കമ്മോഡിറ്റി ബെയിസിസിൽ ഓരോയിനത്തിലും കിട്ടുന്ന നികുതിയെ സംബന്ധിച്ച് ഇനം തിരിച്ച് പരിശോധിച്ച് ആ ഉൽപ്പന്നത്തിന് ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന റേറ്റനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നികുതി കിട്ടുന്നുണ്ടോയെന്നു പരിശോധിക്കാൻ ഗവൺമെന്റ് ഏർപ്പാട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് നികുതി കിട്ടുന്നില്ലെങ്കിൽ അതു പിരിച്ചെടുക്കാൻ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: തട്ടിപ്പ് വളരെയധികം ഉണ്ടാകുന്ന ഒരു മേഖലയാണ് വിൽപ്പനനികുതി മേഖല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അവിടെ ചില കർശനമായ നടപടികളും എടുത്തിട്ടുണ്ടെന്ന്. അത് ഏതു സ്വഭാവത്തിലുള്ളതാണെന്ന് പറയാമോ? വലിയ ജാംബവാൻമാരാണ് നമ്മുടെ ചെക്ക്പോസ്റ്റുകളിലുള്ളതെന്നു മനസ്സിലാക്കി അതിനനുസരിച്ച് എന്തു സ്വഭാവത്തിലുള്ള നടപടികളാണ് എടുത്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ചെക്ക്പോസ്റ്റുകളിൽ ഇന്ന് സ്റ്റാഫിന്റെ എണ്ണം വളരെ പരിമിതമാണ്. ഒരു സെയിൽസ് ടാക്സ് ഇൻസ്പെക്ടറും ഒരു ക്ലാർക്കും ഒരു പ്യൂണും ആണുള്ളത്. അവർ പത്തുനാലായിരം വണ്ടികൾ ചെക്ക് ചെയ്യുക എന്നുള്ളത് ദുസ്സാദ്ധ്യമാണ്. അതുകൊണ്ട് കുറച്ചുകൂടി ഉയർന്ന ഉദ്യോഗസ്ഥൻമാരേയും കുറെക്കൂടി സ്റ്റാഫിനേയും നിയമിച്ച് കൂടുതൽ ഫലപ്രദമായ രീതിയിൽ പരിശോധനകൾ നടത്താനുള്ള സംവിധാനം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തേണ്ടതാണ്. അവരെ കുറ്റം പറഞ്ഞിട്ട് മാത്രം കാര്യമില്ല.. പക്ഷെ ചെക്ക്പോസ്റ്റിൽ നിയമിക്കുന്ന ഉദ്യോഗസ്ഥൻമാരെക്കുറിച്ച് നിരവധി ആക്ഷേപങ്ങളും വന്നിട്ടുണ്ട്. അതുകൊണ്ട് ചെക്ക്പോസ്റ്റിൽ സ്ഥിരമായി ഒരു ഉദ്യോഗസ്ഥനെ തന്നെ നിയമിക്കുന്ന ഏർപ്പാട് മാറ്റി രണ്ടോ മൂന്നോ മാസം കഴിയുമ്പോൾ ഉദ്യോഗസ്ഥൻമാരെ മാറ്റിനിയമിക്കുന്നതാണ്. അവരുടെ കാര്യവും വലിയ കഷ്ടമാണ്. രാപകൽ അവർ കഷ്ടപ്പെടുകയാണ്, അതിനു പുറമേ വിജിലൻസ് സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് വിജിലൻസിനെ തന്നെ സൂപ്പർ ചെക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഒരു രീതിയിലും ഒരു ഉദ്യോഗസ്ഥന്റെ അനാസ്ഥകൊണ്ട് നികുതി വെട്ടിച്ച് ആരും രക്ഷപ്പെടാതിരിക്കാൻ വേണ്ടി കർശനമായ സ്റ്റാഫ് സംവിധാനവും അവർക്ക് താമസിക്കുവാനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നതാണ്. ഉദ്യോഗസ്ഥൻമാർക്ക് മൂത്രം ഒഴിക്കുവാൻപോലും സൗകര്യമില്ലാത്ത വിധത്തിലുള്ള ചെക്ക്പോസ്റ്റുകളാണ് കേരളത്തിൽ ഇപ്പോഴുള്ളത്. എല്ലാ സംവിധാനങ്ങളോടും സൗകര്യങ്ങളോടും കൂടിയ ചെക്ക്പോസ്റ്റുകളും, ടാക്സസ് കമ്മീഷണർ തന്നിരിക്കുന്ന ഒരു നിർദ്ദേശത്തെ ആധാരമാക്കിക്കൊണ്ട് അതനുസരിച്ചുള്ള ചെക്ക്പോസ്റ്റുകളുടെ സംവിധാനം രൂപപ്പെടുത്താനുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് അതിനാവശ്യമായ സ്റ്റാഫിനെ ഇതിനകംതന്നെ നിയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് ആ രീതിയിലുള്ള ശക്തമായ പ്രവർത്തനം നടത്തുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: വ്യാപാരസ്ഥാപനങ്ങളിൽ ശരിയായ കണക്കുകൾ വയ്ക്കാനും നികുതിവെട്ടിപ്പു നടത്തുന്ന വ്യാപാരികൾക്കെതിരായി ചില ഉദ്യോഗസ്ഥൻമാർ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി വ്യാപാരികളും മറ്റും ഇപ്പോൾ ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സൂപ്പർചെക്കിംഗ് ഒഴിവാക്കുമെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ സംഘടിപ്പിക്കൽ പ്രക്ഷോഭണ പരിപാടികളും പിൻവലിച്ചതായി അറിയുന്നു. ഇക്കാര്യത്തിൽ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും അവർക്ക് എന്തു ഉറപ്പാണ് കൊടുത്തിട്ടുള്ളത്?

ശ്രീ. തച്ചടി പ്രഭാകരൻ: കേരളത്തിൽ വ്യാപാരി വ്യവസായികൾക്ക് ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. വ്യാപാരി-വ്യവസായികളെ സംബന്ധിച്ച് അവരുടെ ജോലിയെന്താണെന്ന് ഗവൺമെൻറ് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന റേറനുസരിച്ച് ജനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്ന മദ്ധ്യവർത്തികളാണ് വ്യാപാരി-വ്യവസായികൾ. ആ നികുതി പിരിച്ചതിനു ശേഷം ആ നികുതി ഗവൺമെൻറിൽ അടയ്ക്കാതിരിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭം നടത്തിയാൽ ആ പ്രക്ഷോഭത്തെ ശക്തമായി നേരിടുമെന്ന് അവരെ അറിയിച്ചിട്ടുണ്ട്. ജനങ്ങളിൽനിന്ന് വിൽപ്പന നികുതി ഇന്ന റേറനുസരിച്ച് ഈടാക്കണമെന്ന് കച്ചവടക്കാരോട് പറഞ്ഞിട്ടുണ്ട്. കച്ചവടക്കാർ പിരിക്കുന്ന നികുതി ഗവൺമെൻറിനു വേണ്ടി കളക്ഷൻ ചെയ്തു ഗവൺമെൻറിനെ ഏൽപ്പിക്കുന്ന ജോലിയല്ലാതെ അവരുടെ കയ്യിൽനിന്നു തരുന്നതല്ല സെയിൽസ്ടാക്സ്. ഈ രാജ്യത്തെ ജനങ്ങൾ ഓരോ സാധനങ്ങൾക്കു വേണ്ടി കൊടുക്കുന്ന നികുതി പിരിച്ചെടുത്ത് ഗവൺമെൻറിനെ ഏൽപ്പിക്കുന്നതിൽ യാതൊരു ഇളവും അനുവദിക്കുകയില്ലെന്ന് ചർച്ചയിൽ പറഞ്ഞിട്ടുണ്ട്. പരക്ഷ അവർക്ക് ചില ചെറിയ പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ച് നടപടി നടത്തും. അതുകൊണ്ട് നിങ്ങൾ ഹർത്താൽ ആചരിക്കുന്നതിൽനിന്നും പിൻതിരിയണമെന്ന് ഗവൺമെൻറ് അഭ്യർത്ഥിക്കുകയും ആ അഭ്യർത്ഥന അവർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാതെ നികുതിയുടെ കാര്യത്തിൽ യാതൊരു വിധത്തിലുള്ള സഹായവും ചെയ്തിട്ടില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി: നികുതി അസസ്സ് ചെയ്യുന്ന കാര്യത്തിൽ ചെറുകിടവ്യാപാരികൾക്ക് നേരെ കർശനമായ നടപടിയെടുക്കുകയും വൻകിടകച്ചവടക്കാരായിട്ടുള്ള ആളുകളെ അസസ്സ് ചെയ്യുന്നതിൽ ഉദ്യോഗസ്ഥൻമാർ വളരെയധികം ഇളവ് കൊടുക്കുകയും ചെയ്യുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെൻറിൻെറ നയമെന്നുള്ള നിലയ്ക്ക് ഉദ്യോഗസ്ഥൻമാരെ വിളിച്ച് ഞാൻ ഇതു വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു പൊറിക്കച്ചവടക്കാരുടെ അടുത്തുപോയി ഹരാസ് ചെയ്യുന്ന ഏർപ്പാടുണ്ടാകരുതെന്നും, നേരെമറിച്ച് വലിയ കച്ചവടക്കാരുടെ അടുത്തുപോയി കർശനമായ പരിശോധന നടത്തണമെന്നും പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ബഹുഭൂരിപക്ഷം കച്ചവടക്കാരും ചെറിയ കച്ചവടക്കാരാണ്. ഞങ്ങൾ ഇത്ര പരിശോധന നടത്തിയെന്ന് പറയുന്നതിനു വേണ്ടി ചെറുകിട കച്ചവടക്കാരെ മാത്രം പരിശോധിക്കരുതെന്നും, ചെറിയ കച്ചവടക്കാരെ പരിശോധിക്കുന്നതിൽ അല്പം അപാകത വന്നാലും കുഴപ്പമില്ലെന്നും പറഞ്ഞിട്ടുണ്ട്. വൻകിട കച്ചവടക്കാരിൽ നിന്നുവേണം നല്ലതുപോലെ പരിശോധന നടത്തി മുഴുവൻ നികുതിയും ഈടാക്കേണ്ടത്. അങ്ങനെ പരിശോധന നടത്തുന്നതിനു വേണ്ട കർശനമായ നിർദ്ദേശം ഗവൺമെൻറ് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: നികുതി അസസ്സ്മെന്റ് നടത്തുന്നതിലും നികുതി പിരിക്കുന്നതിലും എന്തെങ്കിലും പ്രത്യേക പരിഗണന ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കോ മേഖലകൾക്കോ നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ പ്രദേശം ഇല്ല, ജാതി ഇല്ല, മതം ഇല്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം ഓരോ ഇനത്തിലും ഗവൺമെന്റിനു കിട്ടേണ്ട നികുതി, ഉദ്യോഗസ്ഥൻമാർ കണ്ണടയ്ക്കുന്നതുമൂലം അവർ രക്ഷപ്പെടുന്ന് ഒരു സാഹചര്യം ഉണ്ടാകാൻ പാടില്ലായെന്നുള്ളതാണ്. ഏതു വിഭാഗമായാലും എല്ലാ വിഭാഗത്തിന്റെ കൈയിൽനിന്നും കർശനമായി നികുതി പിരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇടുക്കി, കോട്ടയം ജില്ലകളിൽ ഗവൺമെന്റിനു പിരിഞ്ഞുകിട്ടേണ്ട സെയിൽസ്ടാക്സ്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്നിവയിൽ പ്രത്യേകിച്ച് അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ പിരിവിൽ മുൻകാലത്തെ ഗവൺമെന്റ്, വളരെയേറെ വീഴ്ച, വരുത്തിയതായി പ്ലാനിങ് ബോർഡ് മെമ്പർ ശ്രീ. ഗോപാലകൃഷ്ണൻ പരസ്യമായി ആക്ഷേപം പുറപ്പെടുവിച്ചിരുന്നു. ഈ മേഖലകളിലെ കാർഷിക വിൽപ്പന നികുതി പിരിവിൽ വീഴ്ച നടന്നിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടെന്താണ്?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റ് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടില്ല. ആ ഏരിയയിലുള്ള ചില ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയിട്ടുണ്ട്. 31 കോടി രൂപ അഗ്രികൾച്ചറൽ ഇൻകം ടാക്സ് പിരിക്കേണ്ടതിൽ 9 കോടി രൂപയും ഇടുക്കി ജില്ലയിൽ നിന്നാണ് കിട്ടേണ്ടിയിരുന്നത്. അവിടത്തെ ഉദ്യോഗസ്ഥൻമാരോട് അന്വേഷിച്ചു. അതിന്റെ ഫലമായി അവരെ അവിടെനിന്നും സ്ഥലം മാറ്റിക്കഴിഞ്ഞു. കർശനമായി നികുതി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ജോസ്: നികുതി കുടിശ്ശികയുടെ കാര്യം പറഞ്ഞു. കാർഷികാദായനികുതിയിൽനിന്നും വിൽപന നികുതിയിൽനിന്നും രണ്ടു വകുപ്പുകളുമായി ഇനംതിരിച്ച് എത്ര നികുതി പിരിച്ചിട്ടുണ്ട് എന്നുള്ള വിവരം പറയാമോ? എത്ര കുടിശ്ശിക ഉണ്ട് എന്ന് പറയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: 31.3.1986 വരെയുള്ള കുടിശ്ശിക 139.85 കോടി രൂപ. റവന്യൂ റെക്കവറി ആക്ഷനിൽ ഉള്ളത് 55.25 കോടി രൂപ. കോടതി സ്റ്റേ ചെയ്തിട്ടുള്ളത് 19.14 കോടി രൂപ. ഗവൺമെന്റ് സ്റ്റേ ചെയ്തിട്ടുള്ളത് 7.54 കോടി രൂപ. കളക്ടർ, ആർ. ഡി. ഒ. മാർ, മറ്റുള്ളവർ സ്റ്റേ ചെയ്തിട്ടുള്ളത് 14.46 കോടി രൂപ. പിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ എഴുതിത്തള്ളിയത് 9.18 കോടി രൂപ. സെക്ഷൻ 23 ഗ്രൂപ്പ് 'ബി' അനുസരിച്ചുള്ള നടപടികളിൽ 1.52 കോടി രൂപ. നോട്ടീസ് കൊടുത്തിരിക്കുന്നത് 6.39 കോടി രൂപ. മറ്റു നടപടികൾ മൂലമുള്ളത് 26.73 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഇത് ശരിയാണോ എന്ന് സംശയമുണ്ട്. ഇത് സത്യവിരുദ്ധമാണ്. കാരണം ആഡിറ്റർ ജനാലിന്റെ 1983-84, 1984-85-ലെ റിപ്പോർട്ട് എടുത്തുനോക്കിയാൽ, പേജ് എട്ടിൽ പറയുന്നു: Revenue arrears at the end of 1983-84 were reported to be Rs. 312.26 crores, out of which collection of Rs. 30.73 crores was under stay. അതു കഴിച്ച് 30.73 കോടി രൂപ മാത്രമേ സ്റ്റേ ചെയ്തിട്ടുള്ളു; 312 കോടി രൂപ പിരിച്ചെടുക്കാനുള്ളതിൽ. അത് പിരിച്ചെടുത്തിട്ടില്ല. കുടിശ്ശികയായി കിടക്കുകയാണ്. ഇത് 1933-84-ൽ. ഇനി 1984-85-ലെ കണക്കു നോക്കാം. പേജ് '8'-ൽത്തന്നെ പറയുന്നു: Over due arrears at the end of 1984-85, were reported to be Rs. 442. 59 crores, out of which collection of Rs. 50.84 crores was under stay. അതു കഴിഞ്ഞാൽത്തന്നെ ബാക്കി 91.75 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. 1983-84 നെക്കാൾ 130 കോടി രൂപ 'അധികം ആണ് പിരിച്ചെടുക്കാനുള്ളത്'. 'അങ്ങനെയാണ് 449.59 കോടി രൂപ റവന്യൂ അരിയേഴ്സ് ആയിട്ട്, ഓവർഡ്യൂ ആയിട്ട് ഇവിടെ വന്നിട്ടുള്ളത്'. ആ കണക്കും ഇപ്പോൾ വായിച്ച കണക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇത് ഉദ്യോഗസ്ഥൻമാർ പറഞ്ഞിക്കാൻ തന്ന കണക്കാണ്. ഈ ആഡിറ്റ് കണക്ക് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ 31-3-1986 വരെയുള്ള കണക്കാണ് പറഞ്ഞത്. സെയിൽസ് ടാക്സ് ഇനത്തിലും അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിലുമായി ഗവൺമെന്റിന് നികുതി പല ഇനങ്ങളിൽനിന്നും വരുന്നുണ്ട്. ഞാൻ ആ നികുതികളൊന്നും പരാമർശിച്ചില്ല. ഇവിടെ വായിച്ച കണക്ക് ഉത്തരവാദിത്വബോധത്തോടുകൂടി തയ്യാറാക്കിയ സെയിൽസ് ടാക്സിനേയും അഗ്രികൾച്ചറൽ ഇൻകം ടാക്സിനേയും കണക്കാണ്. അതാണ് ഇവിടെ വച്ചിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ: ഇവിടെ ചോദ്യംതന്നെ 'നികുതി പിരിവിലുള്ള ക്രമക്കേടുകൊണ്ടുണ്ടായ നഷ്ടം' ആണ്. എ. ജി. യുടെ റിപ്പോർട്ടാണിത്. ക്രമക്കേടുകൊണ്ടുണ്ടായ നഷ്ടം അതാണ് ഇവിടെ പറഞ്ഞത്. പിരിച്ചെടുത്തിട്ടില്ല നാനൂറിചിലാനം കോടി രൂപ. വിട്ടുവീഴ്ച ചെയ്തുകൊടുത്ത് കളവു നടത്തി, അഴിമതി നടത്തി. അതുകൊണ്ട് 'എ. ജി.' യുടെ റിപ്പോർട്ടിനെപ്പറ്റി മറുപടി പറയണം.

ശ്രീ. എ. എം. ഹസ്സൻ: ബഹുമാനപ്പെട്ട മന്ത്രി അസസ്സ്മെന്റിൽ ഉണ്ടാകുന്ന തകരാറുകൾ. ഇവിടെ തുറന്നു സമ്മതിക്കുകയുണ്ടായി, അങ്ങനെ തകരാറുകൾ ഉണ്ടാകുന്നവർക്ക്. ട്രിബ്യൂണലിലും മറ്റും അപ്പീൽ കൊടുക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. കൊട്ടത്താപ്പായി അസസ്സ് ചെയ്യുന്നുവെന്ന് മന്ത്രി തന്നെ തുറന്നു സമ്മതിച്ചിട്ടുള്ള സ്ഥിതിക്ക് വിൽപ്പനനികുതി കൊടുക്കേണ്ട കൃഷിക്കാരും, വ്യാപാരികളും അടങ്ങുന്ന നിരപരാധികളായ ആളുകളെ ക്രൂശിക്കാതിരിക്കാൻ വേണ്ടി ഈ അസസ്സ്മെന്റ് ശാസ്ത്രീയമാക്കാനും, അസസ്സ്മെന്റിലുള്ള തകരാറുകൾക്ക് അപ്പീലുമായി പോകുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും. ഇന്നത്തെ സമ്പ്രദായം മാറ്റി വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇത് കുറ്റമറ്റതാക്കിത്തീർക്കാനും എന്തു നടപടികൾ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ ഇതിന്റെ അസസ്സ്മെന്റും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ജസ്റ്റിസ് വടക്കേലിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന്: കിട്ടിക്കഴിഞ്ഞാൽ ഈ മാതിരി പരാതികൾ ഉണ്ടാകാത്ത രീതിയിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: പല ചെക്ക്പോസ്റ്റുകളിലും നികുതി വെട്ടിച്ചുകൊണ്ട് ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നു പോകുന്നത് പിടിക്കുന്നതായിട്ടുള്ള വാർത്തകൾ പത്രങ്ങളിൽ കാണാറുണ്ട്. ഇങ്ങനെ നികുതി വെട്ടിച്ചുകൊണ്ട് കടന്നുപോകുന്ന വാർത്തകൾ വരുന്നതോടൊപ്പം കടത്തിക്കൊണ്ടുവന്നവർ രക്ഷപ്പെട്ടു എന്ന വാർത്തയും കാണാറുണ്ട്. പിടിക്കപ്പെടുന്നത് ലോറികളിലെ ക്ലീനറെയോ മറ്റു കൂലിക്കാരെയോ ആണ്. ഇങ്ങനെ പിടിച്ചുകൊണ്ടു വരുന്ന ആളുകൾ കടന്നുപോയതായോ രക്ഷപ്പെട്ടതായോ ആണ് പത്രങ്ങളിൽ വാർത്തകൾ വരാറുള്ളത്. ഇതിൽ ഉദ്യോഗസ്ഥൻമാർക്കുള്ള കൂട്ടുകച്ചവടം വ്യക്തമാണ്. ഇതിന് ഉത്തരവാദികളായിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കുന്നതിനും നികുതി വെട്ടിപ്പുനടത്തുന്നവരെ ഇങ്ങനെ രക്ഷപ്പെടുത്തുന്ന അവസ്ഥ ഒഴിവാക്കുന്നതിനും കർശനമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇന്ന് ചെക്ക്പോസ്റ്റുകളിലെ പരിശോധനകളിലുള്ള പരിമിതികൾ ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചതാണ്. ഇപ്പോഴുള്ള പരിശോധനതന്നെ 'കമ്പിയിട്ടു കുത്തിനോക്കുക' തുടങ്ങിയവയാണ്. ഇതൊന്ന് ഇറക്കിവച്ച് പരിശോധിക്കാമെന്നു വച്ചാൽ ഉടനെ അട്ടിമറിക്കാൾ കൊടുക്കണം. അതിന് അമിതമായ ചെലവു വരുന്നു. അതുകൊണ്ട്, അതൊന്നും വരാതെ എല്ലാവരും കൂടി സഹകരിക്കുകയാണെങ്കിൽ ഇപ്പോഴത്തെ പരിശോധന കൂടുതൽ കർക്കശമാക്കാൻ കഴിയും. ഇപ്പോഴത്തെ നിയമമനുസരിച്ചുതന്നെ വണ്ടി വേണമെങ്കിൽ കണ്ടുകെട്ടാനുള്ള നടപടിപോലും സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. ലോറിയിൽനിന്നും ഇറക്കിവച്ച് പരിശോധിക്കാനുള്ള ശ്രമം നടത്തിയാൽ ഇറക്കിവയ്ക്കുന്നവർക്കല്ല കൂലി കൊടുക്കേണ്ടത് മറ്റുള്ളവർക്കാണ്. ഇങ്ങനെ കൂലി കൊടുക്കേണ്ടതുള്ളതുകൊണ്ട് പലപ്പോഴും അമിതമായ ചെലവു വരുമെന്നുള്ളതുകൊണ്ട് ആണ് പലപ്പോഴും പരിശോധിക്കാത്തത് എന്നാണ് ഉദ്യോഗസ്ഥൻമാർ പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാം.

ശ്രീ. ടി. എസ്. ജോൺ: 1985-86-ൽ കോട്ടയം, ഇടുക്കി ജില്ലകളിലായി സെയിൽസ് ടാക്സിലും അഗ്രികൾച്ചറൽ ഇൻകം ടാക്സിലുമായി എത്ര രൂപ കളക്ഷൻ ചെയ്യാനായിരുന്നു ടാർഗറ്റ് നിശ്ചയിച്ചിരുന്നത്; എത്ര രൂപ കളക്ഷൻ ചെയ്തു; അത് 1984-85-നേക്കാൾ എത്ര ശതമാനമാണ്; എത്ര വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഓരോ ജില്ലതിരിച്ചുള്ള കണക്കില്ല; പ്രത്യേകമായി ചോദ്യം ചോദിച്ചാൽ കണക്കു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: സർ, ഇവിടെ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻമാരിലൊന്നും വലിയ മാറ്റമുണ്ടായിട്ടില്ല. ആകെ ഉണ്ടായിട്ടുള്ള മാറ്റം പുതിയ മന്ത്രി ഇവിടെ വന്നുവെന്നുള്ളതാണ്. നികുതി നിർദ്ദേശത്തിലും നികുതിപിരിവിലുമുള്ള അപാകതകൾ പരിഹരിച്ചാൽ നൂറുകോടി രൂപ അധികം പിരിക്കാമെന്ന് പറഞ്ഞു. നൂറുകോടി രൂപ അധികം പിരിക്കുമെന്ന് പറഞ്ഞതിന്റെ ഈ വർഷം തന്നെ ലോട്ടറിയിൽനിന്ന് പ്രതീക്ഷിച്ച അഞ്ചുകോടി രൂപ ഒഴിവാക്കിയപ്പോൾ നഷ്ടം വന്നു. ഇങ്ങനെ നഷ്ടത്തിലേക്ക് പോകുന്ന അവസ്ഥയിൽ എങ്ങനെയാണ് നൂറുകോടി രൂപ അധികം പിരിച്ചെടുക്കാൻ കഴിയുന്നത്? മുമ്പിരുന്ന മന്ത്രി ശുഷ്കാന്തിയില്ലാതെ പ്രവർത്തിച്ചതിന്റെ ഫലമല്ലേ ഇപ്പോൾ പ്രതീക്ഷിക്കുന്ന നൂറുകോടി രൂപ പിരിച്ചെടുക്കാൻ കഴിയാതെ പോയത്?

ശ്രീ. തച്ചടി പ്രഭാകരൻ: കഴിഞ്ഞ 1985-'86 വർഷത്തിൽ 355 കോടി രൂപ പിരിക്കണമെന്ന് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നെങ്കിലും 454 കോടി രൂപ പിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇപ്രാവശ്യം 454 കോടി രൂപയുടെ സ്ഥാനത്ത് നൂറുകോടി രൂപകൂടി അധിക വരുമാനമായി ഉണ്ടാക്കാം എന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് നല്ല ആത്മവിശ്വാസമുണ്ട്. ലോട്ടറിയുടെ കാര്യത്തിൽ പതിനായിരക്കണക്കിന് ഏജൻറുമാരുടെ സമരം വന്നതുകൊണ്ടും മറ്റുചില സംസ്ഥാനങ്ങളിൽ ലോട്ടറിയുടെ സെയിൽസ് ടാക്സ് കുറച്ചതിന്റെ അടിസ്ഥാനത്തിലും ഗവൺമെന്റ് ലോട്ടറിയുടെ സെയിൽസ്ടാക്സ് എടുത്തുകളഞ്ഞു. ആ തീരുമാനം ലോട്ടറി ടിക്കറ്റ് വിറ്റ് അതിന്റെ സംവിധാനത്തിൽ ഒരു മാറ്റം വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. സെയിൽസ്ടാക്സ് മുഖാന്തിരം ഗവൺമെന്റ് പ്രതീക്ഷിച്ച - അഞ്ചുകോടി രൂപയുടെ സ്ഥാനത്ത് അഞ്ചുകോടി രൂപ അധികവരുമാനമുണ്ടാക്കുന്നതിനുള്ള നടപടിയുണ്ടാക്കാൻ ഗവൺമെന്റ് ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ദിനകരൻ: കഴിഞ്ഞ ദിവസം ധനവിനിയോഗ ബില്ലിനെ കുറിച്ചുള്ള ചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ സെയിൽസ് ടാക്സ് കർശനമായി പിരിക്കുമെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ ഏതാനും ചില നിസ്സാരകാര്യങ്ങളിൽ സെയിൽസ്ടാക്സ് ഒഴിവാക്കുമെന്നും പറഞ്ഞു. മൽസ്യ തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിന് കേരളത്തിൽ സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്. എന്നാൽ തമിഴ്നാടുപോലുള്ള സംസ്ഥാനങ്ങളിൽ ഇതിന്റെ സെയിൽസ്ടാക്സ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഈ ഔട്ട്ബോർഡ് എഞ്ചിന്റെ സെയിൽസ്ടാക്സ് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ മൽസ്യ തൊഴിലാളികൾ എന്നു പറഞ്ഞത് വലിയ എക്സ്പോർട്ടേഴ്സിനെ കുറിച്ചാണ്. എക്സ്പോർട്ടേഴ്സ് എഞ്ചിൻ വാങ്ങുമ്പോൾ സെയിൽസ്ടാക്സ് കൊടുക്കണം. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് സെയിൽസ്ടാക്സ് ഒഴിവാക്കണമെങ്കിൽ അതിനെക്കുറിച്ച് പരിശോധിക്കാം. എക്സ്പോർട്ടേഴ്സിന്റെ പേരിലുള്ള സെയിൽസ്ടാക്സ് യാതൊരു കാരണവശാലും ഇളവു ചെയ്യുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി., ഷൺമുഖദാസ്: വള്ളത്തിലുപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിന്റെ കാര്യമാണ് ചോദിച്ചത്, ബോട്ടിന്റേതല്ല.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ബേബിജോൺ: ഏതായാലും മന്ത്രി കഥയറിയാതെയാണ് മറുപടി പറഞ്ഞത്. ഇന്നലെ അദ്ദേഹം പറഞ്ഞു, 130 കോടി രൂപ അധികം പിരിച്ച് വിഭവസമാഹരണം നടത്തുമെന്ന് പ്ലാനിംഗ് കമ്മീഷന് ഉറപ്പുകൊടുത്തിട്ടുണ്ടെന്ന്. അതിൽ പുതിയ നികുതി യൊന്നുമില്ല, നൂറുകോടിരൂപ ഇവിടെനിന്ന് പിരിച്ചെടുക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ഇന്ന് അദ്ദേഹം പറഞ്ഞ എം.എൽ.എ. റോഡുകൾ, പെൻഷൻ കൊടുക്കുന്നത് ഇവയെല്ലാ കൂടി നോക്കുമ്പോൾ എന്റെ കണക്കനുസരിച്ച് കുറഞ്ഞത് മുന്നൂറുകോടി രൂപ കൂടിയെങ്കിലും വേണ്ടിയിരിക്കുന്നു ഇതെല്ലാം നടപ്പിലാക്കു ന്നതിന്. ഈ ക്രമക്കേടുകൾക്കെല്ലാം പരിഹാരം കണ്ട് മുന്നൂറു നാനൂറു കോടി രൂപ പിരിച്ച് ഇന്നലെ നടത്തിയ ഈ പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാക്കാൻ കഴിയുമോ? അതല്ലെങ്കിൽ ഈ പ്രഖ്യാപനങ്ങളെല്ലാം വെറും പ്രഖ്യാപനങ്ങളായിത്തീരും.

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട ബേബിജോണിന് അറിയാൻ വയ്യാത്തതാണ്. പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാക്കുവാൻ വേണ്ടിത്തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. എങ്ങനെ വിഭവങ്ങൾ സമാഹരിക്കാമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇന്നലെ നടത്തിയ പ്രഖ്യാപനങ്ങൾക്ക് അനുസരിച്ച് വരുന്ന കാശ്, എത്രവേണമെങ്കിലും ശരി ഒന്നുകിൽ ഇൻസ്റ്റിറ്റിറ്റ്യൂഷൻ ഫിനാൻസിൽ നിന്നെടുക്കും. അല്ലെങ്കിൽ ഗവൺമെന്റ് വിഭവസമാഹരണം നടത്തും. ഈ വർഷം ഒൻപതാം ധനകാര്യക്കമ്മീഷനുമായി ചർച്ചചെയ്യാൻ പോവുകയാണ്. ആ അവസരത്തിലും പ്ലാനിന്റെ മൂന്നാം വർഷത്തെ ചർച്ചയിലും ഈ പ്രശ്നം അവതരിപ്പിക്കുകയാണ്. കേന്ദ്ര ഗവൺ മെന്റിന്റെ മുമ്പിൽ ഈ സംസ്ഥാനത്തിന്റെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കണ്ണുപറഞ്ഞ് നേടിയെടുക്കുവാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. സി. എഫ്. തോമസ്: 1985-86 വർഷത്തിൽ നമ്മൾ പ്രതീക്ഷിച്ചതിനെക്കാൾ അറുപത്തിയൊൻപതുകോടി രൂപ സെയിൽസ് ടാക്സ് ഇനത്തിലും എട്ടുകോടി രൂപ അഗ്രിക്കൾച്ചർ ഇൻകംടാക്സ് ഇനത്തിലും അധിക വരുമാനമായി ടാർജറിനെക്കാൾ കൂടുതലായി പിരിച്ചെടുക്കാൻ സാധിച്ചുവെന്ന് പറയുന്നു. അതുപോലെ മറ്റെല്ലാ ജില്ലകളിലും വന്നിട്ടുള്ളതുപോലുള്ള വർദ്ധനവ് കോട്ടയം, ഇടുക്കി ജില്ലകളിലുമുണ്ടായിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: പ്രത്യേകം ചോദിച്ചിരുന്നുവെങ്കിൽ ജില്ലതിരിച്ചുള്ള കണക്കുകൾ പറഞ്ഞുതരാമായിരുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: തമിഴ്നാട്ടിൽ ഔട്ട്ബോർഡ് എഞ്ചിന്റെ സെയിൽസ്ടാക്സ് ഇളവുചെയ്തിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കാണ് ഐ.ആർ.ഡി.പി.മുഖേനയൊക്കെ ഔട്ട്ബോർഡ് എഞ്ചിൻ കൊടുക്കുന്നത്. എക്സ്പോർട്ടേഴ്സിനല്ല കൊടുക്കുന്നത്. അതുകൊണ്ട് ഔട്ട്ബോർഡ് എഞ്ചിന്റെ സെയിൽസ് ടാക്സ് ഇളവുചെയ്യാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ആ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(ചോദ്യം നമ്പർ 409 ചോദിച്ചില്ല)

ഇൻസ്പെക്ഷൻ ഫീസ്

* 270 (410) ശ്രീ. വി.കെ. രാജൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ടി.കണാരൻ:
,, എം.കെ. കേശവൻ:
,, കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കളിൽ നിന്നു ഇൻസ്പെക്ഷൻഫീസ് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉപഭോക്താവിൽ നിന്നും എന്തു തുകവീതമാണ് ഈടാക്കുന്നത്;

(സി) ഈ തുക ഈടാക്കിയതിനുശേഷം ബോർഡ് കൃത്യമായി ഇൻസ്പെക്ഷൻ നടത്തുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ലോ വോൾട്ടേജ് ഉപഭോക്താക്കളിൽനിന്നും സർക്കാരിനു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് ഇൻസ്പെക്ഷൻ ഫീസ് പിരിക്കുന്നുണ്ട്.

(ബി) ഒരു മാസം 5 പൈസ.

(സി) ഇൻസ്പെക്ഷൻ നടത്തുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വകുപ്പാണ്. ലോ ടെൻഷൻ ഉപഭോക്താക്കളുടെയും മീഡിയം വോൾട്ടേജ് ഉപഭോക്താക്കളുടേയും ഇൻസ്റ്റലേഷനുകൾ ഇൻസ്പെക്ട് ചെയ്യുന്ന ജോലിക്ക് ആവശ്യമായ സ്റ്റാഫിന്റെ കുറവുമൂലം കൃത്യമായി നടത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഹൈ ടെൻഷൻ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ ജോലി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കൃത്യമായി നടത്തുന്നുണ്ട്.

(ഡി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഇപ്പോൾ പുനഃസംഘടിപ്പിക്കുന്നുണ്ട്. അതു പൂർത്തിയായി കഴിഞ്ഞാൽ ഇൻസ്പെക്ഷൻ ജോലി തൃപ്തികരമായി ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. വി.കെ. രാജൻ: മീറ്റർ റീഡിംഗ് നടത്തുതെ ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നതിന്റെ യുക്തിയെന്താണ്? അതൊഴിവാക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly